## ഭരണഭാഷ - മാതൃഭാഷ

സി 4 – 2414/17

കളക്ടറേറ്റ്, എറണാകുളം
തീയതി : 28/03/18

മൂലമ്പിള്ളി - പിഴല പാലം അനുബന്ധ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടിയുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ച SIA റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് . ( U/S 7 of Act)

........................................................................................................................................

മൂലമ്പിള്ളി - പിഴല പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടിയിൽ WP(C)12844/16, WP(C)21517/16 എന്നീ കേസുകളിലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ RFCT LARR ACT 2013 പ്രകാരം 09/01/17 ൽ പുതിയ അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും, ആയതുപ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ 27/01/17 ലെ സി4-2414/17 നമ്പർ നടപടി ക്രമം പ്രകാരം സ്പെഷ്യൽ തഹസിൽദാർ (ജി.സി.ഡി.എ) കടവന്ത്രയെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. ഇതിനുശേഷം LARR ACT 2013 പ്രകാരമുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ തിരഞ്ഞെടുത്തിട്ടുള്ളതാണ്.

RFCT LARR ACT ചട്ടം 2(3) പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ തയ്യാറാക്കി ആയത് 09/07/17 തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. രണ്ട് മാസത്തിനുള്ളിലും ആറു മാസത്തിൽ കവിയാതെയും SIA പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ സെക്ഷൻ 4(2) പ്രകാരമുള്ള പദ്ധതി ബാധിത പ്രദേശത്തും, ഗസറ്റിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസ്തുത നോട്ടിഫിക്കേഷൻ പ്രസിദ്ധികരിച്ചിട്ടുള്ളതാണ്.

ഫീൽഡ് പരിശോധന നടത്തി SIA റിപ്പോർട്ട് തയ്യാറാക്കി ഡ്രാഫ്റ്റ് റിപ്പോർട്ട്, ഫൈനൽ റിപ്പോർട്ട് എന്നിവ യഥാക്രമം 10/11/17, 20/12/17 എന്നീ തീയതികളിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ചിട്ടുള്ളതാണ്.

SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് ആരെയും പുനരധിവസിപ്പിക്കേണ്ടതില്ലാത്തതുകൊണ്ടും പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ ഏഴിക്കര, കടമക്കുടി പഞ്ചായത്തുകളിൽ പ്പെട്ട ഒറ്റപ്പെട്ട് കിടക്കുന്ന മൂലമ്പിള്ളി പിഴല കടമക്കുടി ദ്വീപുകളെ തമ്മിൽ മറ്റു സ്ഥലങ്ങളുമായും ബന്ധപ്പെടുത്തുന്നതുകൊണ്ടും പൊതുജനതാൽപര്യത്തെ മുൻനിർത്തി ഈ പദ്ധതി ഒഴിവാക്കാനാകാത്ത ആവശ്യമായി കണക്കാക്കി നടപ്പിലാക്കേണ്ടതിനാൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ കണക്കാക്കി നടപ്പിലാക്കേണ്ടതിനാൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്.

ഇതു സംബന്ധിച്ച് 21/02/18 തീയതി വൈകീട്ട് 4 മണിയ്ക്ക് വിദഗ്ദ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ എക്സ്പെർട്ട് കമ്മിറ്റി മീറ്റിങ്ങിൽ മേൽപ്പറഞ്ഞ വസ്തുതകൾ വിശദമായ ചർച്ച ചെയ്തിട്ടുള്ളതും, പ്രസ്തുത പ്രൊജക്ട് അംഗീകരിക്കുന്നതിന് ഐക്യകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും, ടി തീരുമാനം കമ്മറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് സാധൂകരണം ലഭിക്കുന്നതിനായി ജില്ലാ കളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദഗ്ദ്ധ സമിതി ചെയർമാൻ &
ഡെപ്യൂട്ടി കളക്ടർ (എൽ എ)
കളക്ടറേറ്റ്, എറണാകുളം

ടി7